മി. ഡെപ്യൂട്ടി സ്പീക്കർ : കുടിശ്ശിക മാർച്ച് 10-ാം തീയതിക്കുള്ളിൽ കൊടുക്കാമെന്ന് മന്ത്രി പറഞ്ഞു.

(2) ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. മോൻസ് ജോസഫ് : സർ, ദളിത് ക്രൈസ്തവ ജനവിഭാഗങ്ങളെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധക്ഷണിക്കുന്നു. ദളിത് ക്രൈസ്തവ ജനവിഭാഗങ്ങൾക്ക് സംവരണം ലഭ്യമാക്കണം, ഈ ജനവിഭാഗങ്ങളെക്കൂടി പട്ടിജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തണം എന്ന ആവശ്യം 1950 മുതൽ ഉയർന്നു വന്നിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് ഇതുവരെയും തയ്യാറായിട്ടില്ല എന്നുള്ളത് നിർഭാഗ്യകരമാണ്. 1956-ലെ ഭരണഘടനാ ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് 1956-ൽ സിക്ക് മതക്കാരേയും 1990-ൽ വീണ്ടും പ്രസിഡൻഷ്യൽ ഓർഡർ ഭേദഗതി ചെയ്തുകൊണ്ട് ബുദ്ധമതക്കാരേയും പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുകയുണ്ടായി. എന്നാൽ ക്രിസ്തുമതക്കാരായ ദളിത് ക്രൈസ്തവരെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നുള്ള ആവശ്യം കേന്ദ്രസർക്കാർ ഇതുവരെയും പരിഗണിക്കാൻ തയ്യാറായിട്ടില്ല. ഭരണ ഘടനാ ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് ദളിത് ക്രൈസ്തവരായിട്ടുള്ള ആളുകൾക്ക്കൂടി സംവരണം നൽകണമെന്നുള്ള ആവശ്യം ശക്തമായി നിൽക്കുകയാണ്. ലക്ഷക്കണക്കിന് വരുന്ന കേരളത്തിലെ ദളിത് ക്രൈസ്തവ ജനവിഭാഗങ്ങൾ ഈ ആവശ്യത്തിനുവേണ്ടി നിലകൊള്ളുകയാണ്. പാർലമെന്റിൽ ഇതുസംബന്ധിച്ച് ചർച്ച വന്നിട്ടുള്ള സന്ദർഭങ്ങളിലെല്ലാം മാറിമാറി വന്ന കേന്ദ്ര സർക്കാരുകൾ വഞ്ചനാപരമായ നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. ഇത് തിരുത്തിക്കുന്നതിന് കേരളാ ഗവൺമെന്റ് ശക്തമായ സമ്മർദ്ദം ചെലുത്തേണ്ടത് അനിവാര്യമാണ്. 1996 ജൂൺ മാസത്തിൽ ദളിത് ക്രൈസ്തവരുടെ സംവരണം സംബന്ധിച്ച് കേന്ദ്രസർക്കാർ സംസ്ഥാന ഗവൺമെന്റുകൾക്ക് കത്തയയ്ക്കുകയുണ്ടായി. കേരളത്തിലെ ദളിത് ക്രൈസ്തവ ജനവിഭാഗം പട്ടികജാതി/പട്ടികവർഗ്ഗക്കാരെപ്പോലെതന്നെ സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവരാണ്. ഈ സാഹചര്യം പരിഗണിച്ച് ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട്, ഭരണഘടനാ ഉത്തരവ് ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്. അതോടൊപ്പം തന്നെ ദളിത് ക്രൈസ്തവ ജനവിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് സംസ്ഥാന സർക്കാരിൽ നിന്നും പ്രത്യേക ആനുകൂല്യങ്ങളും സംരക്ഷണവും നൽകുവാൻ ഗവൺമെന്റ് മുഖ്യ പരിഗണന നൽകണമെന്നും ആവശ്യപ്പെടുകയാണ്. ജനകീയാസൂത്രണ പദ്ധതിയിൽ പങ്കാളിത്തം നൽകുവാനും പട്ടികജാതി വിഭാഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ളതുപോലെ ഉദ്യോഗാർത്ഥികൾക്ക് ഉയർന്ന പ്രായപരിധി 40 വയസ്സായി മാറ്റുവാനും തയ്യാറാകണം പ്രൊഫഷണൽ കോളേജുകൾ, മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവൺമെന്റ് നഴ്സിംഗ് സ്കൂൾ, ഫാർമസി സ്കൂൾ തുടങ്ങിയവയിലെ പ്രവേശന

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളിലെല്ലാം മാർക്കിളവ് അനുവദിക്കുവാനും ഈ വിദ്യാർത്ഥികൾക്കുകൂടി സ്റ്റൈപെൻഡ് അനുവദിക്കുവാനും സംസ്ഥാന ഗവൺമെന്റ് നടപടിയെടുക്കണം. ദളിത് ക്രൈസ്തവ ജനവിഭാഗങ്ങളോട് ഏറ്റവും കൂടുതൽ പരിഗണന കാണിച്ച ഒരു ഗവൺമെന്റ് എന്നനിലയിൽ സംസ്ഥാന ഗവൺമെന്റ് തീർച്ചയായും അഭിനന്ദനം അർഹിക്കുകയാണ്. കേരളത്തിൽ ദളിത് ക്രൈസ്തവ ജനവിഭാഗങ്ങൾക്കു വേണ്ടി സംസ്ഥാന ഗവൺമെന്റ് മുഖ്യമായി സഹായം ചെയ്യുന്നത് പരിവർത്തിത ക്രൈസ്തവ കോർപ്പറേഷനിലൂടെയാണ്. ആ കോർപ്പറേഷനിൽ കഴിഞ്ഞ 5 വർഷക്കാലം ഏറ്റവും വലിയ അഴിമതിയായിരുന്നു നടന്നിരുന്നത്, ദളിത് ക്രൈസ്തവർക്ക് ആനുകൂല്യം കിട്ടാറില്ലായിരുന്നു. അവിടെനിന്നും ആനുകൂല്യം വാങ്ങിയിട്ടുള്ളവർ ആരൊക്കെയാണെന്നുള്ളത് ബഹുമാനപ്പെട്ട യു.ഡി.എഫ് നേതാക്കൾക്കറിയാം. അങ്ങനെ അഴിമതിയിൽ മുങ്ങിക്കുളിച്ചിരുന്ന ആ കോർപ്പറേഷനെ ശുദ്ധീകരിച്ചുകൊണ്ട്, ആ കോർപ്പറേഷന് പ്രവർത്തിക്കാനാവശ്യമായ ഫണ്ട് കൊടുത്തുകൊണ്ട്, ഗുണഭോക്താക്കൾ അപേക്ഷ കൊടുത്താൽ യഥാർത്ഥ ഗുണഭോക്താവിന് സഹായം കൊടുക്കാനുള്ള നടപടി സ്വീകരിച്ച ഈ ഗവൺമെന്റിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഈ കോർപ്പറേഷനു വേണ്ടി ഒരു പുതിയ ഓഫീസ് ഉണ്ടാക്കണമെന്നുള്ള ആവശ്യം ഉയർന്നിരിക്കുന്നു. ഗവൺമെന്റ് അത് പരിഗണിച്ചുകൊണ്ട്, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാധാകൃഷ്ണനും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ടി. കെ. രാമകൃഷ്ണനും പങ്കെടുത്തുകൊണ്ട് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. നിരവധി ആളുകൾക്ക് അതിന്റെ സഹായം കിട്ടും. വീടുണ്ടാക്കുന്നതിനുവേണ്ടിയും ഭൂമിയില്ലാത്ത ആളുകൾക്ക് ഭൂമി വാങ്ങുന്നതിനു വേണ്ടിയുമുള്ള നിരവധി അപേക്ഷകൾ ഈ കോർപ്പറേഷനിൽ നൽകിയിട്ടുണ്ട്. ആ അപേക്ഷകൾ പാസ്സാക്കിക്കൊടുക്കാനും ഇങ്ങനെയുള്ള പാവപ്പെട്ട ആളുകൾക്കു കൂടി സഹായം ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. സാമൂഹ്യനീതിയുടേയും മാനുഷിക പരിഗണനയുടേയും അടിസ്ഥാനത്തിൽ ദളിത് ക്രൈസ്തവ ജനവിഭാഗങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാനും അതോടൊപ്പം തന്നെ കേന്ദ്രസർക്കാരിന്റെ നിലപാട് തിരുത്തിച്ചുകൊണ്ട്, പ്രസിഡൻഷ്യൽ ഓർഡർ ഭേദഗതി ചെയ്തുകൊണ്ട്, ദളിത് ക്രൈസ്തവ ജനവിഭാഗങ്ങൾക്ക് സംവരണാനുകൂല്യങ്ങൾ ലഭ്യമാക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ശുപാർശ ചെയ്യാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സർ, ക്രിസ്തുമതം സ്വീകരിച്ച പട്ടികജാതിക്കാരും അവരുടെ ക്രിസ്ത്യാനികളായ സന്തതി പരമ്പരകളുമാണ് ഇപ്പോൾ 'ദളിത് ക്രൈസ്തവർ', അഥവാ 'അവശ ക്രൈസ്തവർ' എന്ന് അറിയപ്പെടുന്നത്. ഇവരെക്കൂടി പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. പട്ടികജാതി സ്ഥിതിയിൽ നിന്ന്, സാമൂഹ്യ പരിഷ്കരണ പ്രതിഭാസങ്ങളുടെ ഭാഗമായി അന്യമതങ്ങൾ സ്വീകരിച്ച ജനവിഭാഗങ്ങളെ വീണ്ടും പൂർവ്വ സാമൂഹ്യസ്ഥിതിയിലേയ്ക്ക് ആനയിക്കാനിടയുള്ളതും സാമൂഹ്യ പുരോഗതിയെ തടസ്സപ്പെടുത്താനിടയുള്ളതു

LIBRARY ARCHIVES Kerala Legislative Assembly

മായ ഒരു പ്രശ്നമാകയാൽ ഇത് വിശദമായ പരിശോധന ആവശ്യമായ കാര്യമാണ്. ഇന്ത്യൻ ഭരണഘടന 341 (2) അനുഛേദപ്രകാരം പുറപ്പെടുവിച്ച 1950-ലെ ഭരണഘടന (പട്ടികജാതികൾ) ഉത്തരവിലെ 3-ാം ഖണ്ഡികപ്രകാരം ഹിന്ദുമതത്തിലോ, സിക്കുമതത്തിലോ ഉൾപ്പെടാത്ത ഒരു വ്യക്തിയെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയുകയില്ല. 1950-ലെ ഭരണഘടന (പട്ടികജാതികൾ) ഉത്തരവിലെ 3-ാം ഖണ്ഡികയിൽ അനുയോജ്യമായ ഭേദഗതി വരുത്തുന്നതിന് പാർലമെന്റിന് മാത്രമേ അധികാരമുള്ളൂ. 1996-ൽ അന്നത്തെ കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ എല്ലാ സംസ്ഥാന സർക്കാരുകളുടേയും അഭിപ്രായം തേടിയിരുന്നു. ക്രിസ്തുമതം സ്വീകരിച്ച മുൻ പട്ടികജാതിക്കാരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനെ അനുകൂലിച്ചും പ്രതികൂലിച്ചും സർക്കാരിന് ലഭിച്ചിട്ടുള്ള നിവേദനങ്ങൾ കൂടി കണക്കിലെടുത്ത് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. ക്രിസ്തുമതം സ്വീകരിച്ചിട്ടുള്ള മുൻ പട്ടികജാതിക്കാരുടെ വികസനത്തിനായി നിലവിലുണ്ടായിരുന്ന പദ്ധതികളുടെ പോരായ്മ പരിഹരിച്ച് നടപ്പാക്കിവരുന്നു. പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തി ഈ വിഭാഗത്തിൽപ്പെട്ട ആളുകളുടെ സാമ്പത്തിക സാമൂഹിക നില മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ് : ദളിത് ക്രൈസ്തവ ജനവിഭാഗങ്ങളെ ഇപ്പോൾ ഒ.ഇ.സി. ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒ.ഇ.സി. ലിസ്റ്റിലുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ ഇപ്പോൾ ഇവർക്ക് കിട്ടുന്നില്ല. അതുപോലെതന്നെ നഴ്സിംഗിന് പഠിക്കുന്ന കുട്ടികൾക്കും ഫാർമസി കോഴ്സിന് പഠിക്കുന്ന കുട്ടികൾക്കും ഈ ആനുകൂല്യം കിട്ടുന്നില്ല. ആ കുട്ടികളെക്കൂടി വിദ്യാഭ്യാസ പരിധിയിൽ ഉൾപ്പെടുത്തി അവർക്കുകൂടി ഈ ആനുകൂല്യങ്ങൾ കൊടുക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : അത് ആലോചിക്കാവുന്നതാണ്.

III. സബ്മിഷൻ

(1) പെരുന്തൽമണ്ണ നിയോജകമണ്ഡലത്തിൽ മാനഭംഗശ്രമത്തെ എതിർത്ത ബാലികയ്ക്കുണ്ടായ ദുരനുഭവം

ശ്രീ. നാലകത്തു സൂപ്പി : സർ, ഏതൊരാളുടെയും മനസിനെ വേദനിപ്പിക്കുന്ന ഒരു സംഭവമാണ് എനിക്കിവിടെ അവതരിപ്പിക്കാനുള്ളത്.

10 A.M.] കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുമുൻപ് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ അങ്ങാടിപ്പുറം പഞ്ചായത്തിൽ താമസിക്കുന്ന സബിത എന്ന 7-ാം ക്ലാസ്സിൽ പഠിക്കുന്ന 12 വയസ്സുള്ള കുട്ടിയെ മാനഭംഗം ചെയ്യാൻ ശ്രമിച്ചു. അത് സമ്മതിക്കാത്തതിന്റെ പേരിൽ ആ കുട്ടിയെ തീകൊളുത്തി കൊല്ലാൻ ശ്രമിച്ചു എന്ന വാർത്ത മനോരമ പത്രത്തിൽ പിറ്റേ ദിവസം പ്രസിദ്ധീകരിച്ചു. ഭീഷണി നിലനിൽക്കുന്നതുകൊണ്ട് ഈ സംഭവത്തെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly